# അടിസ്ഥാനപാഠാവലി

## ക്ലാസ് 9

### മലയാളം

### പൊതുനിർദേശങ്ങൾ

1. ചോദ്യപേപ്പർ ഉണ്ടാക്കാനുള്ള ചുമതല അതത് സ്കൂളുകൾക്കാണ്.
2. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയാണ് ചോദ്യങ്ങൾ തയാറാക്കിയിരിക്കുന്നത്.
3. അനുവദിച്ച സമയത്തിനകത്ത് കുട്ടികൾക്ക് എഴുതാൻ പറ്റിയ വിധത്തിൽ ചോദ്യങ്ങൾ ക്രമീകരിക്കണം.
4. വ്യത്യസ്ത ചോദ്യമാതൃകകൾ ഉറപ്പുവരുത്തണം.
5. വ്യത്യസ്ത ശേഷികൾ/ആശയങ്ങൾ പരിഗണിക്കണം.
6. പൂർത്തിയാക്കിയ എല്ലാ പാഠങ്ങളെയും പരിഗണിച്ചാവണം ചോദ്യപേപ്പർ ക്രമീകരിക്കേണ്ടത്.
7. ചോദ്യപേപ്പർ തയാറാക്കുമ്പോൾ ചോദ്യവും സ്കോറും മാത്രം നൽകിയാൽ മതിയാകും.


തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2011

# യൂണിറ്റ് 1

1.1 **ശേഷി**: *രുചിബോധത്തിൽ വന്നമാറ്റം സൂചിപ്പിക്കുന്ന ലേഖനങ്ങൾ വായിച്ച് സംവാദങ്ങളിൽ ഇടപെടുന്നതിൽ.*

- കൂർക്കേം ചേനേം മുമ്മാസം
  ചക്കേം മങ്ങേം മുമ്മാസം
  താളും തകരേം മുമ്മാസം
  അങ്ങനേം ഇങ്ങനേം മുമ്മാസം

  -നാടൻപാട്ട്

- "കോഴി ആസ്ഥാനഭക്ഷണം. ദാ 'വിദേശചിക്കനും.' എന്തൊക്കെ കാണണം എന്റെ ശ്രീപദ്മനാഭാ...
  എന്നാരും വിളിച്ചുപോകും നഗരത്തിലെ ഒരു ഫോറിൻ ചിക്കൻ കടയിലെ കോലാഹലങ്ങൾ കണ്ടാൽ. ജനം മൊത്തം അടുക്കളയടച്ച് കോഴി പൊരിച്ചതുതിന്നാൻ ഇറങ്ങിയതുപോലുണ്ട്. റസ്റ്റാറന്റിലെ സർവ മേശകളും കസേരകളും ഫുൾ. പോരെങ്കിൽ പാഴ്സൽ വാങ്ങാൻ ടോക്കണുമായി ക്യൂ. കൗണ്ടറിലും വാതുക്കലും ചൈനാക്കാരിളെയാണ് ചിക്കൻപ്രാന്തു പിടിച്ചവരെ മേയ്ക്കാൻ നിർത്തിയിരിക്കുന്നത്..."

  **-പത്രവാർത്തയിൽ നിന്ന്**

- മുകളിൽ കൊടുത്തിരിക്കുന്ന സൂചനകൾ വിശകലനം ചെയ്ത് കേരളീയഭക്ഷണ സംസ്കാരത്തിൽവന്ന മാറ്റങ്ങളുടെ ഗുണദോഷങ്ങളെക്കുറിച്ച് ലഘൂപന്യാസം തയാറാക്കുക.
*സമയം- 20 മിനിട്ട് (സ്കോർ 8)*

1.2 **ശേഷി**: *ഭാഷാപ്രയോഗങ്ങളുടെ ഔചിത്യം മനസ്സിലാക്കുന്നതിന്.*

"അയാൾ മുതലാളിയല്ല ഹാജിൻ!"
"പിന്നാരാ?"
"സ്റ്റുവർഡ്."
"മലയാളത്തി പറയെഡോ."
"മാന്യർക്കു വേണ്ട ഭക്ഷണം സ്തോത്രരൂപത്തിൽ എഴുതിയെടുക്കുന്ന മനുഷ്യരൂപമാണ്."
"ഓന്റെ പേരെന്താന്നേ പറഞ്ഞ്?"
"സ്റ്റുവർഡ്."
"അനക്കും മീതെള്ളോനാ?"
"അങ്ങനെയാണു വന്നുഭവിക്കുന്നത്."

മോരിന്റെ പര്യായം എന്ന കഥയിലെ ഹാജിയുടെയും വിളമ്പുകാരന്റെയും സംഭാഷണമാണിത്. ഇരുവരും ഉപയോഗിക്കുന്ന ഭാഷയുടെ വ്യത്യാസം ശ്രദ്ധിച്ചുവല്ലോ.

- ഇരുവരുടെയും സംഭാഷണത്തിൽ നിന്ന് വ്യക്തമാക്കുന്ന ഭാഷാസവിശേഷതകൾ എന്തെല്ലാം?
*സമയം- 5 മിനിട്ട് (സ്കോർ 2)*

1.3 **ശേഷി:** *മാറി വരുന്ന സംസ്കാരം വെളിപ്പെടുത്തുന്ന കഥവായിച്ച് വിശകലനം ചെയ്യുന്നു.*

"എങ്കിലും ഈ നട്ടപ്പൊർച്ചൂടിന് ഇയാൾ കഴുത്തിൽ ശീലമുറുക്കി കെട്ടേണ്ടിയിരുന്നില്ലെന്നു ഹാജിക്കു തോന്നി. എന്തിനാണ് ഈ ബേഷം?

ഏത് പടച്ചവനെ ബോധിപ്പിക്കാനാണ്. ഉടുത്ത തുണി അഴിച്ചിട്ടാൽത്തന്നെ ഉഷ്ണം ബാക്കിയാണ്."

- ഈ സംഭാഷണത്തിലൂടെ മലയാളികളുടെ വസ്ത്രധാരണ രീതിയെക്കുറിച്ച് വി.കെ. എൻ നടത്തുന്ന പരിഹാസത്തിന്റെ പൊരുൾ കണ്ടെത്തി കുറിപ്പ് തയാറാക്കുക.

*സമയം- 12 മിനിട്ട് (സ്കോർ 6)*

1.4 **ശേഷി:** *ആശയം വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നതിന്.*

- "മുന്തിയ മീനും ഇറച്ചിയും കറി - പൊരി രൂപത്തിൽ കിട്ടുന്ന സ്ഥലം എന്ന ശ്രുതിക്കുപുറത്താണ് ഉച്ചയുടെ നിറുകിൽ കയറുന്നത്. അല്ലാതെ ചോറു പയിക്കാൻ വെറെ ഇടമില്ലാഞ്ഞിട്ടല്ല."

**-മോരിന്റെ പര്യായം-വി.കെ.എൻ.**

- "തൃശ്ശിവപേരൂർ പൂരപ്പറമ്പു കടന്നുഞാൻ
  ഒട്ടിയവയറുമായുച്ചയ്ക്കു കേറിച്ചെന്നു
  'ഇത്രമാത്രമേബാക്കി'യെന്നോതി വൈലോപ്പിള്ളി
  ഇത്തിരിച്ചോറും മേരുമുപ്പിലിട്ടതും തന്നു."

**- ബാലചന്ദ്രൻ ചുള്ളിക്കാട്**

- ഭക്ഷണം അന്വേഷിച്ചെത്തുന്ന രണ്ട് കഥാപാത്രങ്ങളുടെയും സമീപനം താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

1.5 **ശേഷി:** *കാവ്യഭാഗങ്ങളിലെ ആശയങ്ങൾ താരതമ്യത്തിനു വിധേയമാക്കുന്നു.*

"അയാൾ മുതലാളിയല്ല ഹാജിൻ!"
"പിന്നാരാ?"
"സ്റ്റുവർഡ്."
"മലയാളത്തി പറയെഡോ."
"മാന്യർക്കു വേണ്ട ഭക്ഷണം സ്തോത്രരൂപത്തിൽ എഴുതിയെടുക്കുന്ന മനുഷ്യരൂപമാണ്."
"ഓന്റെ പേരെന്താന്നേ പറഞ്ഞ്?"
"സ്റ്റുവർഡ്."
"അനക്കും മീതെള്ളോനാ?"
"അങ്ങനെയാണു വന്നുഭവിക്കുന്നത്."

വിളമ്പുകാരന്റെയും ഹാജിയുടെയും സംഭാഷണത്തിൽ പ്രതിഫലിക്കുന്ന അവരുടെ വ്യക്തിത്വസവിശേഷതകൾ അടിസ്ഥാനമാക്കി ഇരുകഥാപാത്രങ്ങളെയും താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

*സമയം- 12 മിനിട്ട് (സ്കോർ 6)*

1.6 **ശേഷി:** *ഭാഷാ പ്രയോഗങ്ങളുടെ ഔചിത്യം പരിശോധിച്ച് കുറിപ്പ് തയാറാക്കൽ.*

- അന്നം എന്ന കവിതയിലെ "അന്തിതൻ ചുടല വെന്തുണങ്ങുന്നേരം..." എന്ന പ്രയോഗം കാവ്യസന്ദർഭത്തിന് നൽകുന്ന ഭാവതീവ്രത കണ്ടെത്തി ചുരുക്കി അവതരിപ്പിക്കുക.

*സമയം- 6 മിനിട്ട് (സ്കോർ 3)*

1.7 **ശേഷി:** *ഭാഷാ പ്രയോഗങ്ങളുടെ ഔചിത്യം പരിശോധിച്ച് കുറിപ്പ് തയാറാക്കൽ.*

"മൈനറുടെ മുഖം ഖണ്ഡശ മങ്ങുന്നതു കണ്ടപ്പോൾ ഹാജിക്ക് ആദ്യത്തെ ഉരുള ചോറുപയിച്ച സുഖം തോന്നി."

- സ്റ്റുവർഡിന്റെയും ഹാജിയുടെയും അപ്പോഴത്തെ മാനസികാവസ്ഥകൾ ആവിഷ്കരിക്കുന്നതിന് കഥാകൃത്ത് ഉപയോഗിച്ച പ്രയോഗങ്ങളുടെ ഏതെങ്കിലും രണ്ടു സവിശേഷതകൾ എഴുതുക.

*സമയം- 4 മിനിട്ട് (സ്കോർ 2)*

1.8 **ശേഷി:** *ആശയം വിശകലനം ചെയ്ത് ലഘൂപന്യാസങ്ങൾ തയാറാക്കൽ.*

- അന്നം പാഴാക്കാതിരിക്കാൻ സൂചി കരുതുന്ന തിരുവള്ളുവരുടെ ദർശനം
- അമേരിക്ക 10000 ടൺ ഗോതമ്പ് കടലിൽ തള്ളി
- മൂന്നാം ലോകരാജ്യങ്ങളിൽ പട്ടിണിമരണം തുടർക്കഥ

- മുകളിൽ നൽകിയിരിക്കുന്ന സൂചനകൾ വിശകലനം ചെയ്ത് ഭക്ഷണസംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന ലഘുലേഖ തയാറാക്കുക. (ഒരുപുറം)

*സമയം- 12 മിനിട്ട് (സ്കോർ 6)*

1.9 **ശേഷി:** *പദങ്ങൾ വിശകലനം ചെയ്ത് അവയുടെ പ്രത്യേകതകൾ തിരിച്ചറിയുന്നു.*

- ചുവടെ കൊടുത്തിരിക്കുന്ന ഭാഗത്തിലെ ഭാഷാപരമായ അഭംഗികൾ പരിഹരിച്ച് മെച്ചപ്പെടുത്തി എഴുതൂ.

വൈക്കം മുഹമ്മദ് ബഷീറിന്റെ പാത്തുമ്മയുടെ ആടിലെ പ്രധാനപ്പെട്ട കേന്ദ്രകഥാപാത്രമാണ് ആട്. ആടിന്റെ മേടാണ് ഓരോ സംഭവങ്ങൾക്കും നോവലിൽ ഹരം പകരുന്നത്. ആടിന്റേ പേരിൽ വഴക്കുകൾ ഒട്ടേറെ വീട്ടിൽ ഉണ്ടാകുന്നുണ്ട്. എന്നാൽ ആ ദരിദ്രമായ കുടുംബത്തിന്റെ സ്വപ്നങ്ങൾ മുഴുവൻ ആടിനെ ചുറ്റിപ്പറ്റിയാണ്.

*സമയം- 4 മിനിട്ട് (സ്കോർ 2)*

1.10 **ശേഷി:** *കാവ്യഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നതിന്.*

- "നാട്ടുമാമ്പഴങ്ങൾ തൻ ഭിന്നഭിന്നമാം സ്വാദും" **- വിഷുക്കണി - വൈലോപ്പിള്ളി**
- "പറയൂ നാട്ടിൻപുറത്തുള്ള മാങ്ങകൾക്കെല്ലാം
  രുചി ഈ മാഗോ ഫ്രൂട്ടിക്കുള്ള പോലാണോ?" **-മാമ്പഴക്കാലം- പി.പി. രാമചന്ദ്രൻ**

- കേരളീയബാല്യങ്ങൾക്ക് നഷ്ടപ്പെടുന്ന വൈവിധ്യമാർന്ന രുചിഭേദങ്ങൾ ആവിഷ്കരിക്കുവാൻ ഇവിടെ ഉപയോഗിച്ചിരിക്കുന്ന പ്രതികരണങ്ങൾ എത്രമാത്രം ശക്തങ്ങളാണെന്ന് വിശദീകരിക്കുക.

*സമയം- 12 മിനിട്ട് (സ്കോർ 6)*

1.11 **ശേഷി:** *കവിതാഭാഗം വിശകലനം ചെയ്യുന്നതിന്.*

ഉണ്ണാനുരുട്ടിയ ഒരുരുള
    ഇങ്ങനെ പറയും
ഓരോവറ്റിനും പിന്നിലുണ്ട്
ഒരു രാജാവ്
ഒരു വണിക്ക്
    കൃഷിക്കാരൻ
    കരുവാൻ
    കൊയ്യുന്നവർ
    ചുമക്കുന്നവർ
    ഉണ്ണുന്നവർ അതറിയുന്നുണ്ടാവില്ല. **- ശ്യാമബുദ്ധൻ**

(വണിക്ക് = കച്ചവടക്കാർ, കുരുവാൻ = ലോഹ പണിക്കാരൻ)

- കവിത വിശകലനം ചെയ്ത് ആശയം വിശദമാക്കുക. *സമയം- 5 മിനിട്ട് (സ്കോർ 3)*

1.12 **ശേഷി:** *ആശയം വിശകലനം ചെയ്ത് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ അവതരിപ്പിക്കുന്നതിന്.*

കോയമ്പത്തൂരിൽ ന്നെന്റെ വീട്ടിൽ
വാഴയിലകൾ വിരുന്നുവന്നു
ഗംഗാനദിയിലെ കുപ്പിവെള്ളം
മൺകൂടെ കാണാതൊളിച്ചു വന്നു
തഞ്ചാവൂർ ചെമ്പാവരിയും വന്നു **-എന്റെ ഓണം-എസ് രമേശൻ നായർ**

- വർത്തമാനകേരളം നേരിടുന്ന പ്രതിസന്ധികളിൽ മുഖ്യമായ ഒന്നിനെക്കുറിച്ചാണ് മുകളിലെ വരികൾ സൂചിപ്പിക്കുന്നത്. ഈ പ്രശ്നം വിശകലനം ചെയ്ത് എഡിറ്റോറിയൽ തയാറാക്കുക. *സമയം- 12 മിനിട്ട് (സ്കോർ 6)*

1.13 **ശേഷി:** *ചൊല്ലുകൾ വിശകലനം ചെയ്ത് നിഗമനം രൂപീകരിക്കുന്നതിന്.*

"ഓണം പിറന്നാലും
ഉണ്ണിപിറന്നാലും
കോരനു കുമ്പിളിൽ കഞ്ഞി."

- വർത്തമാനകാല സാഹചര്യത്തിൽ ഈ ചൊല്ലിന് എത്രത്തോളം പ്രസക്തിയുണ്ട്? സ്വാഭിപ്രായം സമർത്ഥിക്കുക *സമയം- 8 മിനിട്ട് (സ്കോർ 3)*

1.14 **ശേഷി:** *കാവ്യഭാഗം വിസകലനം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കുന്നതിന്.*

വാങ്ങുക കുടിക്കുക
പുറത്തേയ്ക്കെറിയുക
ജീവിതം നിറച്ചൊരി-
ക്കൂടുകൾ നാളേയ്ക്കില്ല **- മാമ്പഴക്കാലം-പി.വി. രാമചന്ദ്രൻ**

- മാറിവരുന്ന ഭക്ഷണരീതി കേരളീയസംസ്കാരത്തെ ഏതെല്ലാം വിധത്തിലാണ് മുറിവേല്പിക്കുന്നത്? കവിതാഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

1.15 **ശേഷി:** *രചനാ ഭാഗങ്ങൾ താരതമ്യം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കുന്നതിന്.*

വിശപ്പ് മനുഷ്യനെ തിന്നാത്തതും തീറ്റുന്നു. **-വിഷകന്യക-എസ്.കെ. പൊറ്റക്കാട്**

"മനുഷ്യനുവരുവാനുള്ള ഏറ്റവും വലിയ രോഗം ദാരിദ്ര്യമാണ്, അതവന്റെ ആത്മാവിനെയും ശരീരത്തെയും തകർത്തുകളയും."

**- ബാല്യകാലസഖി-ബഷീർ**

- നോവൽ ഭാഗങ്ങൾ മുന്നോട്ടു വയ്ക്കുന്ന ആശയം ബാലചന്ദ്രൻചുള്ളിക്കാടിന്റെ അന്നം എന്ന കവിതയുടെ ആശയവുമായി പൊരുത്തപ്പെടുന്നുണ്ടോ? താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. *സമയം- 12 മിനിട്ട് (സ്കോർ 6)*

1.16 **ശേഷി:** *ആശയം വിശകലനം ചെയ്ത് ലഘൂപന്യാസങ്ങൾ തയാറാക്കുന്നതിന്.*

- കേരളീയരുടെ ഭക്ഷണരീതിയിൽ ഉണ്ടായിരിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ നമ്മുടെ കാർഷിക രംഗത്ത് പ്രതിഫലിക്കുന്നുണ്ടോ? 'കേരളീയരുടെ ഭക്ഷണസംസ്കാരവും കാർഷികരംഗവും -അന്നും ഇന്നും' എന്ന വിഷയത്തിൽ ലഘൂപന്യാസം തയാറാക്കുക.

*സമയം- 14 മിനിട്ട് (സ്കോർ 6)*

1.17 **ശേഷി:** *പദവാക്യതലങ്ങളിലെ അഭംഗികൾ പരിഹരിച്ച് മെച്ചപ്പെടുത്തുന്നതിന്.*

പ്രഭാതസൂര്യൻ പുലർകാലത്ത് എഴുന്നള്ളിവരുന്നത് നമ്മുടെ കൺമിഴികൾക്ക് എത്രമേൽ നയനാനന്ദകരമായ കാഴ്ചയാണ് പകരുന്നത്.

- ഈ വാക്യം പരമിതികൾ പരിഹരിച്ച് മെച്ചപ്പെടുത്തിയെഴുതുക.

*സമയം- 4 മിനിട്ട് (സ്കോർ 2)*

1.18 **ശേഷി:** *കഥയിലെ സന്ദർഭങ്ങൾ പുതിയകാലത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുന്നു.*

ഭീമാകാരം പൂണ്ടു വന്ന് പിൽക്കാലത്ത് പ്രകൃതിയെ ഗ്രസിച്ച വികസനപദ്ധതികളുടെ ആദ്യകാല പ്രതീകമാണ് ഈ കഥയിലെ ടെന്നീസ് കോർട്ട്. ലേഖകന്റെ ഈ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ 'ആധുനിക വികസന സങ്കല്പങ്ങൾ' എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയാറാക്കുക. *സമയം- 12 മിനിട്ട് (സ്കോർ 6)*

1.19 **ശേഷി:** *രചനകൾ വിശകലനം ചെയ്ത് നിഗമനം രൂപീകരിക്കുന്നതിന്*

'....... പ്രപഞ്ചം നറുനിലാവിൽ മുങ്ങിക്കുളിച്ചു നിൽക്കുന്നതും എന്നിൽ എന്തെല്ലാമെന്തെല്ലാം വികാരങ്ങളാണു സൃഷ്ടിച്ചിട്ടുള്ളത്. ഇപ്പറഞ്ഞ പ്രപഞ്ച പ്രതിഭാസങ്ങളൊക്കെ, എന്നിലുളവാക്കിയ അനുഭൂതികളിൽ നിന്നല്ലേ എന്നിലെ സാഹിത്യകാരൻ ഉരുത്തിരിഞ്ഞിട്ടുള്ളത്"

- നന്തനാരുടെ അഭിപ്രായം വിശകലനം ചെയ്ത് കലാകാരനെ രൂപപ്പെടുത്തുന്നതിൽ പ്രകൃതിക്കുള്ള പങ്കിനെക്കുറിച്ച് വിശദീകരിക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

***

# കേരളപാഠാവലി

## ക്ലാസ് 9

### മലയാളം

### പൊതുനിർദേശങ്ങൾ

1. ചോദ്യപേപ്പർ ഉണ്ടാക്കാനുള്ള ചുമതല അതത് സ്കൂളുകൾക്കാണ്.
2. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയാണ് ചോദ്യങ്ങൾ തയാറാക്കിയിരിക്കുന്നത്.
3. അനുവദിച്ച സമയത്തിനകത്ത് കുട്ടികൾക്ക് എഴുതാൻ പറ്റിയ വിധത്തിൽ ചോദ്യങ്ങൾ ക്രമീകരിക്കണം.
4. വ്യത്യസ്ത ചോദ്യമാതൃകകൾ ഉറപ്പുവരുത്തണം.
5. വ്യത്യസ്ത ശേഷികൾ/ആശയങ്ങൾ പരിഗണിക്കണം.
6. പൂർത്തിയാക്കിയ എല്ലാ പാഠങ്ങളെയും പരിഗണിച്ചാവണം ചോദ്യപേപ്പർ ക്രമീകരിക്കേണ്ടത്.
7. ചോദ്യപേപ്പർ തയാറാക്കുമ്പോൾ ചോദ്യവും സ്കോറും മാത്രം നൽകിയാൽ മതിയാകും.

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2011

# <u>യൂണിറ്റ് 1</u>

2.1 **ശേഷി:** പരസ്പാശ്രിതത്വത്തിലും പരിഗണനയിലും പുലരുന്ന ജീവരാശികൾ എന്ന ആശയം അവതരിപ്പിക്കുന്ന രചനകൾ വിശകലനം ചെയ്യുക.

‘അടവിയിലൊരുമിച്ചുവാണുസഖ്യം
തടവിന വൃക്ഷകുലം ശകുന്തളയ്ക്ക്
സ്ഫുടമനുമതി നൽകിടുന്നുപോകാൻ
പടുതരകോകില കൂജിതങ്ങളാലെ’ **- മനുഷ്യരും**

- മറ്റുചരാചരങ്ങളും സ്നേഹിച്ചും സഹായിച്ചും ജീവിക്കുന്ന കാഴ്ചയാണ്. ശാകുന്തളത്തിൽ കാണുന്നത്. പക്ഷികളും വൃക്ഷങ്ങളും തമ്മിലുള്ള ആത്മബന്ധം വ്യക്തമാക്കാൻ ഈ വരികൾക്ക് സാധിക്കുന്നുണ്ടോ? കണ്ടെത്തൽ യുക്തിസഹമായി അവതരിപ്പിക്കുക?

*സമയം- 6 മിനിട്ട് സ്കോർ 3*

2.2 **ശേഷി:** *പരസ്പരാശ്രയത്തിൽ പുലരുന്ന ജീവരാശികൾ എന്ന ആശയം അവതരിപ്പിക്കുന്ന രചനകൾ വിശകലനം ചെയ്യുക.*

സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം
സ്നേഹത്താൽ വൃദ്ധിതേടുന്നു
സ്നേഹംതാൻ ജീവിതം ശ്രീമൻ
സ്നേഹവ്യാഹതിതന്നെ മരണം

- ഈ വരികൾക്ക് സമാനമായ ആശയം ജി. ശങ്കരക്കുറുപ്പ് സൂര്യകാന്തിയിൽ എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത്? *സമയം- 6 മിനിട്ട് (സ്കോർ 4)*

2.3 **ശേഷി:** *അനുഭവങ്ങളെശക്തമാക്കി ആവിഷ്കരിക്കുമ്പോൾ ഭാഷ സുന്ദരമാവുന്നു.*

ആരുനീയനുജത്തീ?
　　നിർനിമേഷയായെന്തെൻ
<u>തേരു</u> പോകവേ <u>നേരേ</u>
　　നോക്കിനിൽക്കുന്നൂ <u>ദൂരേ</u>

- അടിവരയിട്ട പദങ്ങൾ കവിതയ്ക്ക് നൽകുന്ന സൗന്ദര്യം വിശദീകരിക്കുക?

*സമയം- 6 മിനിട്ട് (സ്കോർ 3)*

2.4 **ശേഷി:** *ജീവജാലങ്ങളുടെ പരസ്പരാശ്രിതത്വത്തിലും പരിഗണനയിലും ഊന്നിയാണ് മാനവികത രൂപപ്പെടുന്നത്.*

മണ്ണെ നമ്പി മരമിരിപ്പൂ
മരത്തെ നമ്പി കായിരിപ്പൂ
കായെ നമ്പി കിളിയിരിപ്പൂ
കിളിയെ നമ്പി ഞാനിരിപ്പൂ

- ഇത്തരത്തിലുള്ള പരസ്പരാശ്രിതത്വം ശാകുന്തളത്തിൽ തെളിയുന്നുണ്ടോ? കണ്ടെത്തലുകൾ ഉപന്യാസരൂപത്തിൽ തയ്യാറാക്കുക?

*സമയം- 15 മിനിട്ട് (സ്കോർ 8)*

2.5 **ശേഷി**: *വാക്യഘടന, പദഘടന തുടങ്ങിയവയെ ഭാഷയുടെ പ്രയോവ്യവസ്ഥയായി കാണുന്നതിന്.*

പ്രകൃതിയെ അനന്തമായ പുരോഗതി എന്ന വ്യവസായവൽക്കരണ സങ്കൽപത്തിന്റെ എതിർ ധ്രുവമായാണ് ബഷീർ സങ്കൽപ്പിച്ചത്.

- 'പ്രകൃതി' എന്ന പദം ഉചിതമായ സ്ഥലത്ത് മാറ്റി എഴുതി വാക്യം മെച്ചപ്പെടുത്തുക.
*സമയം- 2 മിനിട്ട് (സ്കോർ 1)*

2.6 **ശേഷി**: *കവിതകളിലെ ചമത്കാര പ്രയോഗങ്ങളുടെ സൗന്ദര്യം കണ്ടെത്തി ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുന്നതിന്.*

"ആരു നീയനുജത്തീ?
നിർന്നിമേഷയായെന്തെൻ
തേരു പോകവേ നേരേ
നോക്കിനിൽക്കുന്നൂ ദൂരേ?
സൗമ്യമായ് പിന്നെപ്പിന്നെ
വിടരും സ്നിഗ്ധക്കണ്ണാൽ
രമ്യമായ് വീക്ഷിക്കുന്നൂ
തിരിഞ്ഞു തിരിഞ്ഞെന്നെ;
വല്ലതും പറയുവാ-
നാഗ്രഹിക്കുന്നുണ്ടാവാ-
മില്ലയോ? തെറ്റാണൂഹ-
മെങ്കിൽ, ഞാൻ ചോദിച്ചീല!"

- ഈ ചോദ്യം പൂവിലുണ്ടാക്കിയ പ്രതികരണങ്ങളാണ് കവി പിന്നീട് അവതരിപ്പിക്കുന്നത്. സൂര്യന്റെ ചോദ്യം കേട്ട സൂര്യകാന്തിയുടെ ചിന്തകൾ ഡയറിക്കുറിപ്പിന്റെ രൂപത്തിൽ എഴുതുക?
*സമയം- 8 മിനിട്ട് (സ്കോർ 4)*

2.7 **ശേഷി**: *കവിതകളിലെ ചമത്കാരപ്രയോഗങ്ങളുടെ സൗന്ദര്യം കണ്ടെത്തി ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുന്നതിന്.*

നാട്ടിൽപ്പെട്ട ഗൃഹസ്ഥനെത്രയുളവാം
പുത്രീവിയോഗവ്യഥ! -

എന്ന് ചിന്തിക്കുന്ന കണ്വൻ പിന്നീട് പറയുന്നത് ഇങ്ങനെയാണ്:

കന്യയെന്നതു പരസ്വമാണതി-
ങ്ങിന്നു വേട്ടവനു വിട്ടയയ്ക്കയാൽ
ഏറ്റവസ്തു തിരികെക്കൊടുത്തപോൽ
ഏറ്റവും തെളിമ പൂണ്ടിതെൻമനം;

(പരസ്വം = അന്യന്റെ സ്വത്ത, വേട്ടവൻ = വിവാഹംകഴിച്ചവൻ )

- ഈ മാറ്റം സൂചിപ്പിക്കുന്ന കണ്വന്റെ മാനസികാവസ്ഥ വിശകലനം ചെയ്യുക.
*സമയം- 6 മിനിട്ട് (സ്കോർ 4)*

2.8 “എനിക്കീ പ്രപഞ്ചങ്ങളെയാകെ ആലിംഗനം ചെയ്യണമെന്നുണ്ട്.”

“ഞാനും മക്കളുമാണ് പ്രപഞ്ചമെന്ന് വിചാരിച്ചാൽ മതി.”

**- ഭൂമിയുടെ അവകാശികൾ**

ഭൂമിയീ നമ്മളിലേക്കൊതുങ്ങുന്നുവോ?
നാമിന്നു ഭൂമിയോളം വലുതാകയോ? - ഒ.എൻ.വി

രണ്ട് സന്ദർഭങ്ങളിലും പ്രതിഫലിക്കുന്ന പ്രകൃതിയോടുള്ള സമീപനം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?
*സമയം- 8 മിനിട്ട് (സ്കോർ 4)*

2.9 **ശേഷി**: *പരസ്പരാശ്രിതത്വത്തിലും പരിഗണനയിലും പുലരുന്ന ജീവരാശികൾ എന്ന ആശയം അവതരിപ്പിക്കുന്ന രചനകൾ വിശകലനം ചെയ്യുന്നതിന്.*

‘മേയുന്ന പുല്ലു മറിമാൻ മറുന്നു,
ചെയ്യുന്ന നൃത്തം മയിലും നിർത്തി;
പായുന്ന കണ്ണീർ കണമെന്നപോലെ
പെയ്യുന്നിതേ വെള്ളില വള്ളി തോറും.”

ഈ ശ്ലോകം നൽകുന്ന തപോവനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വിശദമാക്കുക.
*സമയം- 8 മിനിട്ട് (സ്കോർ 4)*

2.10 **ശേഷി**: *രചനകൾ വിശകലനം ചെയ്ത് ഭാഷാസവിശേഷത -കണ്ടെത്തുന്നതിന്.*

“താനേ തൊണ്ടനനയ്ക്കയില്ലിവൾ
നനച്ചീടാതെയീ നിങ്ങളെ”

**-അഭിജ്ഞാന ശാകുന്തളം**

“നിന്റെ അഭിപ്രായത്തോട് യോജിക്കുന്നവരുടെ പ്രവർത്തനങ്ങൾ ഞാൻ കാണുന്നുണ്ട്. ഒരഞ്ഞൂറുകൊല്ലത്തിനകത്ത് ഈ ഭൂമിയിലുള്ള സർവജന്തുക്കളെയും പക്ഷികളെയും മൃഗങ്ങളെയും മനുഷ്യൻ കൊന്നൊടുക്കും... മരങ്ങളെയും ചെടികളെയും നശിപ്പിക്കും... മനുഷ്യൻ മാത്രം അവശേഷിക്കും... എന്നിട്ട് ഒന്നടങ്കം ചാകും!”

**-ഭൂമിയുടെ അവകാശികൾ**

നൂറ്റാണ്ടുകൾക്കു മുമ്പ് അഭിജ്ഞാനശാകുന്തളം രചിച്ചപ്പോൾ നിലനിന്നിരുന്ന മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധവും ആധുനിക കാലത്ത് ഭൂമിയുടെ അവകാശികൾ എഴുതുമ്പോഴുള്ള അവസ്ഥയും താരതമ്യം ചെയ്ത് കുറിപ്പെഴുതുക.
*സമയം- 12 മിനിട്ട് (സ്കോർ 6)*

***

## കേരളപാഠാവലി

## ക്ലാസ് 9

### മലയാളം

### പൊതുനിർദേശങ്ങൾ

1. ചോദ്യപേപ്പർ ഉണ്ടാക്കാനുള്ള ചുമതല അതത് സ്കൂളുകൾക്കാണ്.
2. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയാണ് ചോദ്യങ്ങൾ തയാറാക്കിയിരിക്കുന്നത്.
3. അനുവദിച്ച സമയത്തിനകത്ത് കുട്ടികൾക്ക് എഴുതാൻ പറ്റിയ വിധത്തിൽ ചോദ്യങ്ങൾ ക്രമീകരിക്കണം.
4. വ്യത്യസ്ത ചോദ്യമാതൃകകൾ ഉറപ്പുവരുത്തണം.
5. വ്യത്യസ്ത ശേഷികൾ/ആശയങ്ങൾ പരിഗണിക്കണം.
6. പൂർത്തിയാക്കിയ എല്ലാ പാഠങ്ങളെയും പരിഗണിച്ചാവണം ചോദ്യപേപ്പർ ക്രമീകരിക്കേണ്ടത്.
7. ചോദ്യപേപ്പർ തയാറാക്കുമ്പോൾ ചോദ്യവും സ്കോറും മാത്രം നൽകിയാൽ മതിയാകും.

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2011

# യൂണിറ്റ് 2

2.1 **ശേഷി**: *കവിതയുടെ ആവിഷ്കാര രീതി വിലയിരുത്തുന്നതിന്.*

"വൃദ്ധതയോടു നേത്രങ്ങളും വേറുപെ-
ട്ടർധരാത്രിക്കു വിശന്നു ദാഹിച്ചഹോ
വർത്തിക്കുമെങ്ങൾക്കു തണ്ണീർക്കു പോയൊരു
പുത്രനുമിന്നു മറന്നുകളഞ്ഞിതോ?
മറ്റില്ലൊരാശ്രയം ഞങ്ങൾക്കൊരുനാളും
മുറ്റും ഭവാനൊഴിഞ്ഞെന്തു വൈകീടുവാൻ?

- അന്ധരായ വൃദ്ധദമ്പതികളുടെ അശരണത്വവും ദൈന്യവും എഴുത്തച്ഛൻ ഇവിടെ അവതരിപ്പിക്കുന്നതെങ്ങനെ? വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. (അരപ്പുറം)

*സമയം- 8 മിനിട്ട് (സ്കോർ 4)*

2.2 **ശേഷി**: *രചനകൾ വിശകലനം ചെയ്ത് വിവിധ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നതിന്.*

## മെതിയടി

ആദ്യം കരഞ്ഞുപറഞ്ഞുനോക്കി.

അയാൾ മിണ്ടിയതേയില്ല. ഇത്രനാളും മഴയും വെയിലുംകൊണ്ട് സംരക്ഷിച്ചില്ലേയെന്ന് കാലുപിടിച്ചുനോക്കി.

മുഖത്തുനോക്കിയതേയില്ല. അടുക്കളയിൽ നിന്നും തൂക്കിയെടുത്ത് നടുമുറ്റത്തേയ്ക്ക് ഒരൊറ്റ ഏറാണ്. അതുകണ്ട് ഉമ്മറത്തിരിക്കുകയായിരുന്ന ഓട്ടുകിണ്ടിയുടെ കണ്ണുകൾ നനഞ്ഞെന്നു തോന്നി.

കോടാലിയുടെ മൂർച്ചയുള്ള പല്ല് നെഞ്ചിൽ പതിച്ചപ്പോൾ കരച്ചിൽ വന്നതേയില്ല. അത് നേരത്തേ പ്രതീക്ഷിച്ചതാണല്ലോ! നാലായി പിളർക്കപ്പെട്ട് മണ്ണിൽ കിടന്നു.

പിറ്റേന്ന് അടുപ്പിൽ കിടന്ന് വെളിച്ചത്തിന്റെ മരമായി ഇലയും പൂവുമിടുമ്പോൾ ഒരൊറ്റ പ്രാർത്ഥനയേ ഉണ്ടായിരുന്നുള്ളൂ. കലത്തിലെ അരി എളുപ്പം വേവണേ...

**അബ്ദുള്ള പേരാമ്പ്ര**

- കഥയുടെ പ്രമേയം, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് ഒരാസ്വാദനം തയാറാക്കുക.

*സമയം- 15 മിനിട്ട് (സ്കോർ 6)*

2.3 **ശേഷി**: *രചനകൾ വിശകലനം ചെയ്ത് വിവിധ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നതിന്.*

**മലയാളം**

കണ്ണിൽപ്പെടാതെ പോയ
കഥകളും കാഴ്ചകളും നിറഞ്ഞ
കാനനപ്പച്ച മലയാളം

ഇളം മനസ്സിലെ മണ്ണടരിൽ
പൂമഴയുതിർന്ന്
തേൻകണമായ് നിറഞ്ഞ്
പൂക്കളായ് വിടർന്ന മലയാളം

അറിവിന്റെ മുറ്റംതോറും
അക്ഷരക്കൈ പിടിച്ച്
വാക്കുകളാൽ പിച്ചനടത്തിയ
നന്മമലയാളം

പുലരിപോലെ,
പൂത്തുലഞ്ഞ പൂമരം പോലെ
പ്രകാശം പരത്തുന്ന അമ്മമലയാളം

ഒന്നു തൊട്ടാൽ
വാക്കുപെയ്യുന്ന
മുത്തണി മണിവീണയാണെന്റെ
പൊന്മലയാളം.

**അഖില മോഹൻ**

- ഉള്ളടക്കം, അവതരണരീതി എന്നിവ പരിഗണിച്ച് കവിതയ്ക്ക് ഒരു ആസ്വാദനം തയാറാക്കുക. (ഒരു പുറം) *സമയം- 15 മിനിട്ട് (സ്കോർ 6)*

2.4 **ശേഷി**: *ഭാഷാപദങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തി വിവരിക്കുന്നതിന്.*

"ഞാനേയ്, കുറച്ചീസായി പറേണംന്ന് വിചാരിച്ചിട്ട്,
ആലൂര്ന്ന് വന്ന ആലോചനടെ കാര്യം."

- ഈ സംഭാഷണഭാഗം മാനകഭാഷയിൽ മാറ്റി എഴുതുക. സന്ദർഭത്തിന് ചേരുന്ന ഭാഷാരീതി ഏതാണെന്നും എന്തുകൊണ്ടാണെന്നും വിശദീകരിക്കുക.

*സമയം- 6 മിനിട്ട് (സ്കോർ 3)*

2.5 **ശേഷി**: *വാക്യത്തിൽ പദങ്ങളുടെ വ്യത്യസ്ത ധർമങ്ങൾ തിരിച്ചറിയുന്നു.*

'അദ്ദേഹം പ്രസിഡന്റായും രാമൻകുട്ടിനായർ സെക്രട്ടറിയായും നിശ്ചയിക്കപ്പെട്ടു.'


ഈ വാക്യം 'അദ്ദേഹത്തെ'- എന്നു തുടങ്ങി മാറ്റി എഴുതുക.

*സമയം- 2 മിനിട്ട് (സ്കോർ 1)*

2.6 **ശേഷി**: *പദച്ചേരുവയിലുണ്ടാവുന്ന വ്യത്യസ്ത അർഥതലങ്ങൾ കണ്ടെത്തുന്നതിന്.*

- 'എഴുപതുകാരുടെ യോഗം' എന്ന പ്രയോഗം നൽകുന്ന രണ്ട് വ്യത്യസ്ത ആശയങ്ങൾ എഴുതുക. *സമയം- 3 മിനിട്ട് (സ്കോർ 2)*

2..7 **ശേഷി**: *രചനകൾ വിശകലനം ചെയ്ത് വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കുന്നതിന്.*




- സൂചന വികസിപ്പിച്ച് അച്യുതൻ മാഷ് എന്ന കഥാപാത്രത്തിന്റെ നിരൂപണം തയാറാക്കുക. *സമയം- 12 മിനിട്ട് (സ്കോർ 6)*

2.8 **ശേഷി**: *കവിതകളിലെ ആവിഷ്കാരഭംഗി പരിശോധിക്കുന്നു.*

"പാടുപെട്ടുണ്ടാക്കിയ പുഞ്ചിരിയോടാവൃദ്ധൻ
ചോടുമാറ്റിക്കൊണ്ടേറെബ്ഭംഗിയാലേവം ചൊല്ലീ.
'വഴിതെറ്റുന്നു വയസ്സാവുമ്പോൾ, അങ്ങേ വീട്ടിൽ-
ക്കയറേണ്ടതാ'ണയാളിറങ്ങി കൂനിക്കൂടി.."

- അങ്ങേ വീട്ടിലേയ്ക്ക് എന്ന കവിതയിലെ അത്യന്തം നാടകീയമായ അവസാനരംഗമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. നാടകീയമായ ആഖ്യാനശൈലി ഈ കവിതയെ ഹൃദ്യമാക്കുന്നു. കവിത വിശകലനം ചെയ്ത് ലഘുനിരൂപണം തയാറാക്കുക. (ഒരു പുറം) *സമയം- 12 മിനിട്ട് (സ്കോർ 6)*

2.9 **ശേഷി**: *കവിതയിലെ പ്രയോഗങ്ങൾ കണ്ടെത്തി വിശദീകരിക്കുന്നു.*

"പാടുപെട്ടുണ്ടാക്കിയ
പുഞ്ചിരിയോടാവൃദ്ധൻ
ചോടുമാറ്റിക്കൊണ്ടേറെ-
ബ്ഭംഗിയിലേവം ചൊല്ലി."

- ഇവിടെ 'ചോടുമാറ്റുക' എന്ന പ്രയോഗം എത്രമാത്രം ഉചിതമായിരിക്കുന്നു എന്നു പരിശോധിച്ച് കുറിപ്പെഴുതുക. *സമയം- 3 മിനിട്ട് (സ്കോർ 2)*

2.10 **ശേഷി**: *കവിതകൾ വ്യാഖ്യാനിക്കുന്നതിന്*

എങ്ങനെ പോകും? നിൽക്കും?
കുഴങ്ങീ, കുഴയുന്ന
തന്നുടെ കാലിൻ ദണ്ഡം
വിസ്മരിച്ചൊരു വൃദ്ധൻ

- വൃദ്ധൻ കാലിൻ ദണ്ഡം വിസ്മരിച്ചത് എങ്ങനെ എന്ന് വ്യക്തമാക്കുക.

*സമയം- 4 മിനിട്ട് (സ്കോർ 2)*

2.11 **ശേഷി**: *കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ തിരിച്ചറിഞ്ഞ് നിരൂപണം തയാറാക്കുന്നതിന്.*

'മുറിയിൽ ടി.വി. യും റെക്കോർഡ് പ്ലെയറുമുണ്ട്. പക്ഷേ, അച്യുതൻമാഷ്ക്ക് ഇപ്പോഴും പുസ്തകം വായിക്കാനാണ് താൽപ്പര്യം'

"നമ്മുടെ ഓർമകളൊക്കെ നമ്മുടെ യൗവനത്തെച്ചുറ്റിപ്പറ്റിയാണ്. ഇപ്പഴത്തെ ചെറുപ്പക്കാർക്ക് പ്രധാനം അവരുടെ യൗവനമാണ്. ഇത് രണ്ടും രണ്ടുലോകമാണ്. ഇതു തമ്മിൽ സാമാന്യമായി കൂടിക്കഴിച്ചിൽ ഉണ്ടാവുക വയ്യ. അവര് അവരുടെ വഴിക്കു പോകട്ടെ. നാം ശപിക്കരുത്."

- ഈ സൂചനകൾ പ്രയോജനപ്പെടുത്തി അച്യുതൻ മാഷ് എന്ന കഥാപാത്രത്തിന്റെ സ്വഭാവ നിരൂപണം തയാറാക്കുക. *സമയം- 12 മിനിട്ട് (സ്കോർ 6)*

2.12 **ശേഷി**: *കഥകൾ വിശകലനം ചെയ്ത് സ്വാഭിപ്രായം രേഖപ്പെടുത്തുന്നതിന്.*

അമ്മാളു:- എത്ര?

കുറുപ്പ്:- (ഗൗരവത്തിൽ) അതുനീയറിയണ്ട, ഇവിടെ വരവുചെലവു കണക്ക് വയ്ക്കുന്നത് ഞാനാ

- കുറുപ്പിന്റെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്? വിശദീകരിക്കുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

2.13 **ശേഷി**: *കഥകൾ, കവിതകൾ എന്നിവ വിശകലനം ചെയ്ത് സ്വാഭിപ്രായം രേഖപ്പെടുത്തുന്നതിന്.*

"വഴിതെറ്റുന്നു വയ-
സ്സാവുമ്പോൾ, അങ്ങേ വീട്ടിൽ-
ക്കയറേണ്ടതാണയാ-
ളിറങ്ങി കൂനിക്കൂടി..." **- അങ്ങേവീട്ടിലേയ്ക്ക്**

"മറ്റൊരുകാര്യം കൂടി. എന്നെ പ്രസിഡന്റ് സ്ഥാനത്തുനിന്ന് ഒഴിവാക്കണമെന്ന അപേക്ഷയാണ്. എനിക്ക് ചുമതലകൾ കൂടുകയാണ്. ഇത്തരം പൊതുകാര്യങ്ങൾക്ക് ഇനി സമയം കിട്ടുമെന്ന് തോന്നുന്നില്ല." **- എഴുപതുകളുടെ യോഗം**

- രണ്ടു ഭാഗങ്ങളിലെയും വൃദ്ധകഥാപാത്രങ്ങളുടെ നിലപാടുകൾ താരതമ്യം ചെയ്യുക. *സമയം- 8 മിനിട്ട് (സ്കോർ 4)*

2.14 **ശേഷി**: *കഥകൾ വിശകലനം ചെയ്ത് സ്വാഭിപ്രായം രേഖപ്പെടുത്തുന്നതിന്.*

അച്യുതൻ മാഷുടെ അസുഖമന്വേഷിച്ച് ആശുപത്രിയിലെത്തിയ രാമവാര്യരോട് അദ്ദേഹം പറഞ്ഞു.

"വഞ്ചി മുങ്ങിയില്ല വാര്യരെ"

- ഈ സന്ദർഭത്തിലെ നർമം വിശകലനം ചെയ്ത് അച്യുതൻ മാഷുടെ എന്തു സ്വഭാവസവിശേഷതയാണ് വ്യക്തമാവുന്നത് എന്നു വിശദീകരിക്കുക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

2.15 **ശേഷി**: *കവിത വിശകലനം ചെയ്തു വിലയിരുത്തുന്നതിന്*

"ഞാനറിയാതെ മൃഗയാവിവശനാ-
യാന തണ്ണീർ കുടിക്കും നാദമെന്നോർത്തു
ബാണമെയ്തേനതിപാപിയായോരു ഞാൻ;
പ്രാണൻ കളയുന്നതുണ്ടിനി വൈകാതെ."

- 'ദശരഥന്റെ ഈ കൈപ്പിഴ രാമായണത്തിലെ പിൽക്കാല സംഭവങ്ങൾക്ക് കാരണമായി.' പുത്രവിയോഗം താങ്ങാനാവാതെ ദശരഥന് ജീവൻ വെടിയേണ്ടിവന്നു. ഇതിനുള്ളിൽ അടങ്ങിയിരിക്കുന്ന പ്രപഞ്ചവീക്ഷണം വിശദീകരിക്കുക. *സമയം- 12 മിനിട്ട് (സ്കോർ 6)*

2.16 **ശേഷി**: *കവിതകൾ വായിച്ച് വിശകലനം ചെയ്യുന്നതിന്.*

- ഇടശ്ശേരിയുടെ അങ്ങേ വീട്ടിലേയ്ക്ക് എന്ന കവിതയ്ക്ക് യോജിച്ച മറ്റൊരു ശീർഷകം നിർദേശിച്ച്, അതിന് രണ്ട് യുക്തികൾ എഴുതുക. *സമയം- 4 മിനിട്ട് (സ്കോർ 2)*

2.17 **ശേഷി**: *കവിതകൾ വിമർശനാത്മകമായി വിലയിരുത്തുന്നതിന്.*

- സ്നേഹം, കാരുണ്യം തുടങ്ങിയ മാനവിക മൂല്യങ്ങളാൽ കെട്ടിപ്പടുക്കേണ്ട മനുഷ്യബന്ധങ്ങളെ പണവും പദവിയും കൊണ്ടളക്കുമ്പോഴുണ്ടാകുന്ന അന്തർസംഘർഷങ്ങളാണ് ഇടശ്ശേരി 'അങ്ങേവീട്ടിലേയ്ക്ക്' എന്ന കവിതയിൽ ആവിഷ്കരിക്കുന്നത്. കവിത പരിശോധിച്ച് നിങ്ങളുടെ അഭിപ്രായം സമർഥിച്ചുകൊണ്ടുള്ള കുറിപ്പു തയാറാക്കുക.
*സമയം- 8 മിനിട്ട് (സ്കോർ 4)*

2.18 **ശേഷി**: *രചനകൾ വിശകലനം ചെയ്ത് വ്യത്യസ്ത വ്യവഹാരങ്ങളിൽ ആവിഷ്കരിക്കുന്നതിന്.*

"കുഞ്ഞുന്നാളിൽ
അവരെന്നെ ബോർഡിങ്ങിലാക്കി.
വളർന്നു മുതിർന്നപ്പോൾ
ഞാനവരെ
വൃദ്ധസദനത്തിലുമാക്കി."

- കുടുംബബന്ധങ്ങളിൽ സ്നേഹാർദ്രത നഷ്ടപ്പെടുന്നതിന് ഉത്തരവാദികൾ ആരാണ്? മുകളിൽ നൽകിയിരിക്കുന്ന വരികളിലെ ആശയവും സമകാലിക കുടുംബാന്തരീക്ഷത്തിന്റെ സവിശേഷതകളും പരിശോധിച്ച് നിങ്ങളുടെ അഭിപ്രായം സമർഥിക്കുക. (ഒരുപുറം)
*സമയം- 12 മിനിട്ട് (സ്കോർ 6)*

***